പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 911** — **07-02-2013 - ൽ മറുപടിയ്ക്ക്**

**വെറ്റ് ലാന്റ് അതോറിറ്റി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.ലൂഡി ലൂയിസ് | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വെറ്റ്ലാന്റ് അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ;<br><br>(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്;<br><br>(സി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ? | (എ), (ബി) & (സി)<br><br>2003-ലെ 'കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട്' ഭേദഗതി ചെയ്യുന്നതിനുള്ള ബില്ല് നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. പ്രസ്തുത ബില്ലിന്റെ 10-ാം വകുപ്പ് 7C ഉപവകുപ്പിൽ (sub clause 7C of clause 10) നദീതട ബോർഡുകളുടെയും തണ്ണീർത്തട വികസന ബോർഡുകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന നദീതണ്ണീർത്തട അതോറിറ്റി രൂപീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമായി പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത ബില്ലിന് നിയമപ്രാബല്യം കൈവരുന്നതോടുകൂടി 'സ്റ്റേറ്റ് റിവർ ആന്റ് വെറ്റ്ലാൻഡ് അതോറിറ്റി' രൂപീകരിക്കാനാവും.<br><br>ജലസ്രോതസ്സുകളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണം, സംസ്ഥാനത്തിനകത്തെ ജലവിനിയോഗം ക്രമീകരിക്കുക, ജലമലിനീകരണം തടയുക, ജലസ്രോതസ്സുകളെ പ്രതികൂലമായി ബാധിക്കുന്ന തരത്തിലുള്ള പ്രകൃതി ചൂഷണം തടയുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, ജലസംബന്ധമായ നാശനഷ്ടങ്ങൾ തടയുന്നതിനുള്ള മാർഗ്ഗങ്ങൾ ഉറപ്പുവരുത്തുക തുടങ്ങിയവ സംസ്ഥാന നദീ-തണ്ണീർത്തട അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ.